പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2481

05/02/2018 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ ബാദ്ധ്യതകൾ

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | 31.12.17 ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡിന്റെ ബാദ്ധ്യതകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ; | എ) | 31.12.2017-ലെ താൽക്കാലിക കണക്കുകൾ പ്രകാരമുള്ള ബാദ്ധ്യതകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ഇനം | തുക (കോടിയിൽ) |
|---|---|
| ബാങ്ക് ലോൺ കുടിശ്ശിക | 422.91 |
| സ്ഥിരനിക്ഷേപം നൽകാനുള്ളത് | 332.06 |
| നീതി വിഭാഗത്തിലെ സപ്ലയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 4.00 |
| ത്രിവേണി വിഭാഗത്തിലെ സപ്ലയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 2.00 |
| മെഡിക്കൽ വിഭാഗത്തിലെ സപ്ലയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 4.00 |
| സർക്കാർ/എൻ.സി.ഡി.സി. ലോൺ | 85.01 |
| പലിശ | 45.89 |
| ഓഹരി മൂലധനം<br>ജില്ലാ മൊത്ത വ്യാപര സ്റ്റോർ | 0.65 |
| മറ്റ് സഹകരണ സംഘങ്ങൾ | 0.0001 |
| സംസ്ഥാന സർക്കാർ | 56.05 |
| ആകെ | 952.67 |

| | | | |
|---|---|---|---|
| ബി) | 2017 ലെ വിവിധ ഉത്സവ സീസണുകളിൽ കൺസ്യൂമർ ഫെഡ് വിപണിയിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | ബി) | കൺസ്യൂമർഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3577 ഓണവിപണി സംഘടിപ്പിച്ചിരുന്നു. ടി വിപണി വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ് സിഡി ഇനത്തിലും നോൺ സബ് സിഡി ആയി 25 ഇനങ്ങളും ഓണച്ചന്തയുടെ ഭാഗമായി 30 മുതൽ 60 ശതമാനം വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. 3577 ഓണചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ 114.89 കോടി രൂപയ്ക്ക് വില്പന നടത്തിയിട്ടുണ്ട്.<br><br>കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായി കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലാബറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തിയ സാധനങ്ങൾ ആണ് ഓണ വിപണിയിലൂടെ വില്പന നടത്തിയിട്ടുള്ളത്.<br><br>കൺസ്യൂമർ ഫെഡ് 2013-ന് ശേഷം ആദ്യമായാണ് ക്രിസ്തുമസ് വിപണി സംഘടിപ്പിച്ചത്. ഗ്രാമ പ്രദേശങ്ങളിൽ 1670 എണ്ണവും നഗര പ്രദേശങ്ങളിൽ 390 എണ്ണവും ഉൾപ്പെടെ 2060 ക്രിസ്തുമസ് പുതുവത്സര ചന്തകളാണ് ഡിസംബർ 21 മുതൽ ജനുവരി 2 വരെ നടത്തിയിട്ടുള്ളത്. ക്രിസ്തുമസ് വിപണികളിലൂടെ 13 ഇനം നിത്യോപയോഗ സാധങ്ങൾ 54.12 കോടി രൂപയുടെ വില്പനയും 30 ഇനം സാധനങ്ങൾ 6.07 കോടി രൂപയ്ക്ക് നോൺ സബ് സിഡി ആയും വില്പന നടത്തിയിട്ടുണ്ട്. മൊത്തം |

| | | | |
|---|---|---|---|
| | | | 60.20 കോടി രൂപയുടെ വില്പന നടത്തിയിട്ടുണ്ട്. |
| സി) | കൺസ്യൂമർ ഫെഡിന്റെ വിവിധ ബിസിനസ് ഡിവിഷനുകളിലായി നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകൾ ആകെ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ? | സി) | കൺസ്യൂമർഫെഡിന്റെ വിവിധ ബിസിനസ്സ് ഡിവിഷനുകളിലായി 437 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | ത്രിവേണി സൂപ്പർമാർക്കറ്റ് | 195 |
| 2 | മൊബൈൽ ത്രിവേണി | 51 |
| 3 | ഗോഡൌൺ | 33 |
| 4 | ഇ-ത്രിവേണി | 12 |
| 5 | നീതി മെഡിക്കൽ വെയർഹൌസ് | 12 |
| 6 | നീതി മെഡിക്കൽ സ്റ്റോർസ് | 92 |
| 7 | എൽ.പി.ജി. ബോട്ട് ലിംഗ് പ്ലാന്റ് | 1 |
| 8 | നോട്ട് ബുക്ക്/കമ്പ്യൂട്ടർ സ്റ്റേഷനറി മാനുഫാക്ചറിംഗ് യൂണിറ്റ് | 1 |
| 9 | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി | 1 |
| 10 | ശുശ്രൂഷ ഹൈ-ടെക് ക്ലിനിക്കൽ ലാബ് | 1 |
| 11 | ഫോറിൻ ലിക്കർ ഷോപ്പ് | 35 |
| 12 | ബിയർ ഷോപ്പ് | 3 |
| | ആകെ | 437 |

സെക്ഷൻ ഓഫീസർ